LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സഹകരണ ചട്ടം 15 എ (3) പ്രകാരമുള്ള അൺ ലൈസൻസ്ഡ് സർക്കാർ ബാങ്കുകളാണ് ആരംഭിച്ചിട്ടുള്ളത്. ഇത് നിലവിലുള്ള അർബൻ ബാങ്കുകളിൽ നിന്നും വ്യത്യസ്തമാണ്. ഇവയ്ക്ക് അതാത് സംഘത്തിന്റെ നിയമാവലിയിൽ നിജപ്പെടുത്തിയിട്ടുള്ള പ്രകാരമാണ് പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുള്ളത്.

(ബി) അർബ്ബൻ ബാങ്കുകൾക്ക് അനുമതി നൽകിയിട്ടില്ല. എന്നാൽ 13 അർബ്ബൻ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

(ഡി) 1969-ലെ കേരള സഹകരണ നിയമം 80-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് അനുമതി നൽകുന്നത്.

(ഇ) ഇല്ല. എന്നാൽ വൈക്കം മുനിസിപ്പാലിറ്റിയിൽ വ്യത്യസ്ത പ്രവർത്തന പരിധി നിശ്ചയിച്ച രണ്ട അർബ്ബൻ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവ റോഡിന്റെ ഇരുവശത്ത് സംഘങ്ങളുടെ പ്രവർത്തനപരിധിയിൽപ്പെട്ട വാർഡുകളിൽ പ്രവർത്തിച്ചുവരുന്നു.

(എഫ്) ബാധകമായിരുന്നു.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

പുതിയതായി പ്രവർത്തനം ആരംഭിച്ച സഹകരണ റൂറൽ ബാങ്കുകൾ

100 (4260) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഹകരണ റൂറൽ ബാങ്കുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) റൂറൽ ബാങ്കുകൾ, നിലവിലുള്ള പ്രാഥമിക ബാങ്കുകളുടെ പരിധിയിൽ സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈഷമ്യങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) സഹകരണ വകുപ്പ് അനുമതി നല്കിയ ഏതെങ്കിലും ബാങ്കുകളുടെ പ്രവർത്തനം കോടതി തടഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ ബാങ്കുകൾ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 37

(ബി) നിലവിലുള്ള പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലാണ് റൂറൽ ബാങ്കുകൾ പ്രവർത്തിക്കുന്നത്.

(സി & ഡി) എറണാകുളം ജില്ലയിൽ വാഴക്കുളം ബ്ലോക്ക് റൂറൽ സഹകരണ ബാങ്ക് ഇ. 1082 ന്റെ പ്രവർത്തനങ്ങൾ, കാർഷിക മേഖലയ്ക്കുള്ള വായ്പ ഒഴികെ, കോടതി തടഞ്ഞിട്ടുണ്ട്.

വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ സംസ്ഥാന സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ നടപടി

101 (4261) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വിദേശ മലയാളികളുമായോ അവരുടെ ഏതെങ്കിലും സംഘടനകളുമായോ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി മൂലധനം എപ്രകാരം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ആസ്ഥാനമായി ഒരു എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഡി) അംഗങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ഓഹരിയായി മൂലധനം സ്വരൂപിക്കുന്നതിനു പുറമെ നിക്ഷേപങ്ങൾ, സംഭാവന, വായ്പ, ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലായി പ്രവർത്തനത്തിന് ആവശ്യമായ ധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

കോ- ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട്

102 (4262) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട് ഇനിയും രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആർബിട്രേഷൻ കോർട്ടിന്റെ അധികാര അവകാശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly